I ഇ.ബി. XIV - കേരള നിയമസഭ /V-16

# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മേയ് 18, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

### കാവേരിസെൽ നിർത്തലാക്കാനുള്ള തീരുമാനം

മി. സ്പീക്കർ : അതീവ ഗുരുതരമായ വരൾച്ചയെ നേരിടുന്ന സംസ്ഥാനത്തിന് അന്തർസംസ്ഥാന കരാറിലൂടെ ലഭിക്കേണ്ട നദീജലം നഷ്ടപ്പെടുകയാണ്. കാവേരി നദീജലം സംബന്ധിച്ച് തമിഴ്നാട് നൽകിയിട്ടുള്ള റിവ്യൂ പെറ്റീഷനും 2018-ൽ പുതുക്കേണ്ട പറമ്പിക്കുളം ആളിയാർ കരാറും മുല്ലപ്പെരിയാർ പ്രശ്നവും നെയ്യാർ ജല

പ്രശ്നവും അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയും തർക്ക പ്രശ്നങ്ങളായി അവശേഷിക്കുന്നു. സുപ്രീം കോടതിയിൽ കേസ് നടത്തുന്നതിന് സാങ്കേതിക സഹായം നൽകുന്ന ഡൽഹിയിലെ കാവേരി സെൽ നിർത്തലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചതിലൂടെ സംസ്ഥാന താൽപ്പര്യം പൂർണ്ണമായും തകരുന്ന നിലയിൽ എത്തിയിരിക്കുന്നതായി പറയപ്പെടുന്ന അതീവ ഗുരുതരമായ ഈ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : കാവേരി-അന്തർ സംസ്ഥാന നദീജല തർക്കങ്ങൾ കൈകാര്യം ചെയ്യുന്നതിനായി 1995-ൽ രൂപീകരിച്ച സംവിധാനമാണ് കാവേരി സ്പെഷ്യൽ സെൽ. കാവേരി സെൽ കൈകാര്യം ചെയ്യുന്നത് കാവേരി നദീജല തർക്ക ട്രിബ്യൂണലിന്റെ കേസുകളാണ്. അതിൽ പ്രധാനപ്പെട്ടവ 05-02-2007-ൽ വന്ന കാവേരി ട്രിബ്യൂണൽ അന്തിമ വിധിക്കെതിരെ ഫയൽ ചെയ്ത സിവിൽ ഹർജി, തമിഴ്നാട് ഫയൽ ചെയ്ത മെഗാ കാർ പാർക്കിംഗ് കേസ്, നെയ്യാർ കേസുകൾ, കേരളം ഫയൽ ചെയ്ത പറമ്പിക്കുളം-ആളിയാർ കേസ് എന്നിവയാണ്. ഇത്തരത്തിൽ വിവിധ കോടതികളിൽ കേസുകൾ ഉള്ളതിനാൽ അന്തർ സംസ്ഥാന നദീജല തർക്കങ്ങൾ കൈകാര്യം ചെയ്യുന്നതിന് കാര്യക്ഷമമായ

ഏകോപനവും നിയമ വിദഗ്ധരുടെ സേവനവും ലഭ്യമാക്കേണ്ടത് അത്യാവശ്യമാണെന്ന് കണ്ടുകൊണ്ടാണ് ബന്ധപ്പെട്ട വിഷയങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതിനായി മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി സാങ്കേതിക കാര്യങ്ങളിൽ വൈദഗ്ധ്യമുള്ളവരടങ്ങിയ ഒരു സമിതിയെ നിയോഗിച്ചത്. കേസ്സുകളുടെ സുഗമമായ നടത്തിപ്പിന് വിഘാതമുണ്ടാകാതിരിക്കാനായി ന്യൂഡൽഹി കേരളാ ഹൗസിലെ ലാ വിഭാഗത്തിലും സെക്രട്ടേറിയറ്റിലെ ജലവിഭവ വകുപ്പിലും പ്രത്യേകം നോഡൽ ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. അന്തർ നദീജല തർക്കങ്ങളിൽ സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കാൻ ഫലപ്രദമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. സെല്ലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സാങ്കേതിക നിർദ്ദേശങ്ങൾ നല്കുന്നതിന് അനുഭവജ്ഞാനമുള്ള ടെക്നിക്കൽ സ്റ്റാഫിന്റെ സേവനവും ഉറപ്പുവരുത്തിയിട്ടുണ്ട്. ഇക്കാരണത്താലാണ് ഇപ്പോഴുള്ള സെല്ലിന്റെ പ്രവർത്തനം അവസാനിപ്പിച്ച് നിയമ വകുപ്പിന്റെ കീഴിലുള്ള സംവിധാനമായി സെല്ലിനെ മാറ്റാൻ തീരുമാനിച്ചത്. വിവിധ മന്ത്രാലയങ്ങളിൽ പ്രശ്നങ്ങൾ നേരിട്ട് അവതരിപ്പിക്കാൻ കഴിയുന്ന കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ സെല്ലിന്റെ പ്രവർത്തനങ്ങളുടെ സ്വഭാവവും പ്രാധാന്യവും കണക്കിലെടുത്ത് കൈകാര്യം ചെയ്യുന്നതിനുള്ള നടപടികളാണ്

സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഈ പ്രശ്നം കേരളത്തിന്റെ പൊതുതാൽപ്പര്യമാണ്. ഇതിനെ കേരളത്തിലെ ഭരണകക്ഷിയുടെയോ പ്രതിപക്ഷത്തിന്റെയോ താൽപ്പര്യമായി വ്യാഖ്യാനിക്കരുത്. കാവേരി നദീജലം സംബന്ധിച്ച കേസും 2018-ൽ പുതുക്കേണ്ട പറമ്പിക്കുളം-ആളിയാർ കരാറും മുല്ലപ്പെരിയാർ പ്രശ്നവും നെയ്യാർ ജലപ്രശ്നവും അച്ചൻകോവിൽ വൈപ്പാർ-ലിങ്ക് പദ്ധതിയും സംബന്ധിച്ച കേസുകളാണ് സുപ്രീം കോടതിയിൽ നിലവിലുള്ളത്. സാങ്കേതിക പരിജ്ഞാനം കണ്ടിന്യൂറ്റിയോടുകൂടി കൊടുക്കാൻ കഴിഞ്ഞുവെങ്കിൽ മാത്രമെ ഈ കേസുകൾ വിജയത്തിലെത്തിക്കാൻ കഴിയുകയുള്ളൂ. ഈ നിയമം റദ്ദാക്കുന്നതിനുവേണ്ടി തമിഴ്നാട് നടത്തിക്കൊണ്ടിരിക്കുന്ന ശ്രമത്തിനെതിരെ നടപടി സ്വീകരിക്കണം. ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് എന്നീ നിയമങ്ങൾ ലംഘിക്കുന്നത് കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരണം. വൈപ്പാറിൽ ഡാം പണിത് അച്ചൻകോവിലാർ കൈക്കലാക്കാനുള്ള ശ്രമമാണ് തമിഴ്നാട് നടത്തുന്നത്. ഐ.ആർ.ബി.-യിലും കുറ്റ്യാടി, പഴശ്ശി പ്രോജക്ടുകളിലും ജോലിയില്ലാതെ വെറുതെയിരിക്കുന്നവരെ പിരിച്ചുവിടാനുള്ള നടപടി സ്വീകരിക്കണം. ബാഹ്യസമ്മർദ്ദങ്ങൾക്ക് വിധേയമായി കേരളത്തിന്റെ താൽപ്പര്യങ്ങൾ പണയപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളാണ് ഗവൺമെന്റ് നടത്തുന്നത്.

കരാർ ലംഘനങ്ങൾക്കെതിരെ നിയമനടപടികൾ ശക്തിപ്പെടുത്തേണ്ട സന്ദർഭത്തിൽ നിലവിലുള്ള സെൽ പിരിച്ചുവിടുന്നതിലൂടെ തമിഴ്നാടിന് കേസ് വിജയിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുകയാണ് ചെയ്യുന്നത്. ഗവൺമെന്റ് എടുത്തിരിക്കുന്ന ഈ തെറ്റായ നടപടിയിൽ നിന്ന് പിന്മാറണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അന്തർ സംസ്ഥാന നദീജല തർക്കങ്ങളുമായി ബന്ധപ്പെട്ട് ഒട്ടേറെ കാര്യങ്ങൾ നിലനിൽക്കുന്നു എന്നുള്ളത് വസ്തുതയാണ്. വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് വെറുതെയിരിക്കുന്നവരുടെ കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്. ന്യൂഡൽഹി കേരള ഹൗസിലെ ലാ വിഭാഗത്തിലും സെക്രട്ടേറിയറ്റിലെ ജലവിഭവ വകുപ്പിലും പ്രത്യേകം നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അനുഭവജ്ഞാനമുള്ള ടെക്നിക്കൽ സ്റ്റാഫിന്റെ പിന്തുണ ഉറപ്പുവരുത്താനുള്ള സംവിധാനമൊരുക്കുന്നതാണ്. നദീജലം പങ്കിടുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തമിഴ്നാട് സ്വീകരിക്കുന്ന നിലപാടുകളോട് യോജിക്കുന്നില്ല. നദീജല വിഷയങ്ങൾ ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയും ഇരു സംസ്ഥാനങ്ങളും തമ്മിൽ ചർച്ച ആകാമെന്ന അനുകൂല മറുപടിയും ലഭിച്ചിട്ടുണ്ട്. കരാർ പ്രകാരമുള്ള വെള്ളം കേരളത്തിന്

ലഭിക്കുന്നില്ലെന്നുള്ളത് വസ്തുതയാണ്. വെള്ളം ലഭിക്കാത്ത അവസ്ഥ വന്നപ്പോൾ സർക്കാർ ഇടപെടുകയും മുൻപത്തേതിനേക്കാൾ കൂടുതൽ വെള്ളം ലഭിക്കുകയും ചെയ്തു. 1988-മുതൽ 2011 വരെ പറമ്പിക്കുളം-ആളിയാർ കരാർ സംബന്ധിച്ച് ഉഭയകക്ഷി ചർച്ചകൾ നടത്തിയെങ്കിലും പല തർക്കങ്ങൾ കാരണം പുനരവലോകനം സാധ്യമായിട്ടില്ല. കരാർലംഘനത്തിനെതിരെ 2013-ൽ കേരളം സുപ്രീം കോടതിയെ സമീപിക്കുകയും നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ടുള്ള കേസ് ഇപ്പോഴും നിലനിൽക്കുകയുമാണ്. നാഷണൽ വാട്ടർ ഡെവലപ്മെന്റ് ഏജൻസിയുടെ യോഗത്തിൽ കേരളത്തിന്റെ അഭിപ്രായം പരിഗണിക്കാതെ അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയിൽ തീരുമാനമെടുക്കില്ലെന്ന് കേന്ദ്ര ഗവൺമെന്റ് ഉറപ്പ് നൽകുകയും മിനിട്ട്സിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു തരത്തിലുള്ള ആശങ്കയുടെയും ആവശ്യമില്ല. കേസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നിയമ വകുപ്പ് വേണ്ട ഇടപെടൽ നടത്തുന്നതും ടെക്നിക്കൽ വിദഗ്ദ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതുമാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, കെ. എം. മാണി, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി

നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോയി. ശ്രീ. ഒ. രാജഗോപാലും പ്രസ്താവന നടത്തിയശേഷം സഭവിട്ട് പുറത്തുപോയി.

സഭ വിട്ടു പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം തിരികെ ഹാജരായി.)

## II ശ്രദ്ധക്ഷണിക്കൽ

### (1) അലിൻഡ് സംരക്ഷണം

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: വൈദ്യുതി ഉത്പാദന-വിതരണ-പ്രസരണ രംഗത്ത് ആഗോളതലത്തിൽ ശ്ലാഘനീയമായ പ്രവർത്തനം കാഴ്ചവച്ച കുണ്ടറ അലിൻഡ് കമ്പനി സർക്കാർ ഏറ്റെടുക്കുന്നതിനും തൊഴിലാളികളെ സംരക്ഷിക്കുന്നതിനും കമ്പനിയുടെ പ്രവർത്തനെത്തെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 1946-ൽ സ്ഥാപിച്ച അലിൻഡ് കമ്പനി 1956-ലെ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുകയും മാനേജ്മെന്റ് സിസ്റ്റം ഒഴിവാക്കി പ്രവർത്തിക്കുകയുമായിരുന്നു. 1987-ൽ ഇത് ബി.ഐ.എഫ്.ആർ.-ന് റഫർ ചെയ്യുകയുണ്ടായി. ബി.ഐ.എഫ്.ആർ. ഒരു പുനരുദ്ധാരണ പദ്ധതി

അനുവദിക്കുകയും ഉപാധികളോടെ സൊമാനി ഗ്രൂപ്പിനെ പ്രൊമോട്ടറായി നിയമിച്ചെങ്കിലും ഈ പദ്ധതി പരാജയപ്പെടുകയും തുടർന്ന് അലിൻഡ് അടച്ചുപൂട്ടാൻ നിർദ്ദേശിക്കുകയുമായിരുന്നു. എന്നാൽ ലാഭത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് സമഗ്ര പദ്ധതി ആവിഷ്കരിക്കാനും അഭിവൃദ്ധി സാധ്യത ഇല്ലാത്ത യൂണിറ്റുകൾ വിൽക്കുന്നതിന് ബിഡ്ഡറുമായി പരസ്പര ധാരണയിലെത്താൻ ബി.ഐ.എഫ്.ആർ. നിർദ്ദേശിക്കുകയും ലാഭത്തിൽ പ്രവർത്തിക്കാൻ കഴിയുന്ന അലിൻഡിന്റെ ഹൈദരാബാദിലെ രണ്ട് യൂണിറ്റുകൾ പുനരുദ്ധരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. സംസ്ഥാന ഗവൺമെന്റിന്റെ നിയമപരമായ തടസ്സങ്ങൾ അവഗണിച്ചുകൊണ്ട് ബി.ഐ.എഫ്.ആർ. പ്രൊമോട്ടർ കമ്പനി നൽകിയ ഡ്രാഫ്റ്റ് റീഹാബിലിറ്റേഷൻ സ്കീം അംഗീകരിച്ചതിനെതിരെ അലിൻഡ് റിട്ടയേർഡ് എംപ്ലോയീസ് അസോസിയേഷനും ഷെയർ ഹോൾഡേഴ്സ് അസോസിയേഷനും എ.എ.ഐ.എഫ്.ആർ.-ൽ അപ്പീൽ പെറ്റിഷൻ ഫയൽ ചെയ്തതിന്റെ ഫലമായി ഹിയറിംഗിനായി കേസ് നിശ്ചയിച്ചെങ്കിലും കേന്ദ്ര സർക്കാർ രണ്ട് ഫോറങ്ങളും വൈന്റ് അപ്പ് ചെയ്യുകയും NCLT മുമ്പാകെ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുവരികയും ചെയ്യുന്നു. സൊമാനി ഗ്രൂപ്പിന്റെ സഹായ കമ്പനിയായ M/s. Voltas Impex Private Ltd (VIPL) കുണ്ടറ യൂണിറ്റിൽ നിക്ഷേപം നടത്താൻ താൽപ്പര്യം പ്രകടിപ്പിക്കുകയും 30 കോടി രൂപ പ്ലാന്റ് ആന്റ് മെഷിനറിക്കായി

മുടക്കാമെന്ന് വാഗ്ദാനം നൽകുകയും തൊഴിലാളികൾക്ക് നൽകാനുള്ള 33.8 കോടി രൂപ ഉൾപ്പെടെ 116 കോടി രൂപ മുടക്കിയതായി അവകാശപ്പെടുകയും ചെയ്തു. കെ.എസ്.ഇ.ബി.-ക്ക് നൽകാനുള്ള തുക ഒഴിവാക്കിക്കൊടുത്താൽ ബി.ഐ.എഫ്.ആർ. സ്കീം പ്രകാരം ദീർഘകാല പാട്ടക്കരാറിന് കമ്പനി പുനരുദ്ധരിക്കാൻ തയ്യാറാണെന്ന് M/s. Voltas Impex Private Ltd (VIPL) അറിയിച്ചിട്ടുണ്ട്. ഉപയോഗത്തിലുള്ള 33.12 ഏക്കർ ഒഴിച്ച് ബാക്കിയുള്ള ഭൂമി മറ്റ് വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(2) ഒഴിവുകൾ നികത്തൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെയും പ്രിൻസിപ്പൽമാരുടെയും ഒഴിവുകൾ നികത്തുന്നതിനും കണ്ണൂർ ആസ്ഥാനമാക്കി ഒരു പുതിയ മേഖലാ ആഫീസ് രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ 6 ഒഴിവുകളും സ്പെഷ്യൽ ഗ്രേഡ് പ്രിൻസിപ്പൽമാരുടെ നാല് ഒഴിവുകളും നിലവിലുണ്ട്. യു.ജി.സി. മാനദണ്ഡങ്ങൾ സംസ്ഥാന കോളേജുകൾക്ക് ബാധകമാക്കിയുള്ള സർക്കാർ ഉത്തരവ്

പുറപ്പെടുവിച്ചിരുന്നെങ്കിലും യു.ജി.സി. യോഗ്യതയില്ലാതിരുന്ന സെലക്ഷൻ ഗ്രേഡ് ലക്ചറർമാരെ പ്രിൻസിപ്പൽമാരായി പ്രൊമോട്ട് ചെയ്തിരുന്നു. 23.02.2016-ൽ കേരള ഹൈക്കോടതി ഫുൾ ബഞ്ച് നടപ്പിലാക്കിയ 2010-ലെ യു.ജി.സി. റെഗുലേഷന് വിരുദ്ധമായി യോഗ്യതയില്ലാതെ നടത്തിയിട്ടുള്ള നിയമനങ്ങളും പ്രൊമോഷനുകളും നിയമവിരുദ്ധമാണെന്ന വിധിന്യായത്തെ തുടർന്ന് കോളേജ് അദ്ധ്യാപകരുടെ പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ താത്കാലികമായി തടസ്സപ്പെട്ടു. 18.09.2010-നുശേഷം യു.ജി.സി. യോഗ്യതയില്ലാതെ പ്രൊമോട്ട് ചെയ്യപ്പെട്ട പ്രിൻസിപ്പൽമാരെ തരംതാഴ്ത്താതിരിക്കാൻ യു.ജി.സി. റെഗുലേഷൻ അനുസരിച്ച് പ്രിൻസിപ്പൽ പ്രൊമോഷന് 23.02.2016 മുതൽ പ്രാബല്യം നൽകി. സർക്കാർ ഹൈക്കോടതിയിൽ റിവ്യൂ പെറ്റിഷൻ ഫയൽ ചെയ്തത് കോടതി തള്ളിയതിനെത്തുടർന്ന് സുപ്രീം കോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്തു. പ്രിൻസിപ്പൽമാരുടെ അഭാവത്തിൽ കോളേജുകളുടെ ഭരണപ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ 19.03.2017-ലെ ഉത്തരവുപ്രകാരം പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള യോഗ്യത സംബന്ധിച്ച് സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവാകുകയും യു.ജി.സി. യോഗ്യതയുള്ള അദ്ധ്യാപകർക്ക് പ്രിൻസിപ്പൽമാരായി സ്ഥാനക്കയറ്റം നൽകുകയും ചെയ്തിട്ടുണ്ട്. കോടതി വ്യവഹാരങ്ങൾ നിലനിന്ന സാഹചര്യത്തിലാണ് പ്രിൻസിപ്പൽ തസ്തികയിലെ

പ്രൊമോഷനിൽ കാലതാമസമുണ്ടായത്. അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, പ്രിൻസിപ്പൽ സ്പെഷ്യൽ ഗ്രേഡ് എന്നീ തസ്തികകൾ 2010-ലെ യു.ജി.സി. റെഗുലേഷനിൽ പ്രതിപാദിക്കുകയോ യോഗ്യത നിശ്ചയിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ സ്ഥാനക്കയറ്റത്തിനുള്ള യോഗ്യത, ഫീഡർ കാറ്റഗറി എന്നിവയെ സംബന്ധിച്ചും പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം നൽകുന്നതിനുള്ള യോഗ്യതാ മാനദണ്ഡം പുനർനിശ്ചയിക്കുന്നത് സംബന്ധിച്ചുമുള്ള വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. സാമ്പത്തിക അധികാരത്തോടുകൂടിയ പൂർണ്ണ അധിക ചുമതല മറ്റ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതിനാൽ കോളേജുകളുടെയോ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഇതര സ്ഥാപനങ്ങളുടെയോ ഭരണപരമായ കാര്യങ്ങളിൽ യാതൊരു തടസ്സവും നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ ഒരു സമിതി രൂപീകരിച്ച് അദ്ധ്യാപകരുടെ പെർഫോമൻസ് വിലയിരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുകയും സീനിയോറിറ്റി നഷ്ടമാകാതിരിക്കുന്നതിനും എയ്ഡഡ് കോളേജുകളിൽക്കൂടി ഇതേ നയം നടപ്പിലാക്കി പ്രിൻസിപ്പൽമാരെ നിയമിക്കുന്ന കാര്യവും കോടതി വിധിക്ക് വിധേയമായി പരിഹരിക്കുന്നതാണ്.

## III സബ്മിഷൻ

### (1) കളിമണ്ണ് കൊണ്ടുവരുന്നത് സംബന്ധിച്ച്

ശ്രീ. വി. കെ. സി. മമ്മത് കോയ: അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന കളിമണ്ണിന് പിഴ ചുമത്തുന്നത് തടയുന്നതിന് നടപടി സ്വീകരിക്കണം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരളത്തിലെ കളിമൺ വ്യവസായം വലിയ പ്രതിസന്ധി നേരിടുകയാണ്. കളിമൺ ഖനനത്തിനുള്ള ഭൂമിയുടെ ലഭ്യതക്കുറവ്, തദ്ദേശഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള കർശന നിയന്ത്രണം, ഖനന മേഖലയിൽ താമസിക്കുന്ന ജനങ്ങളുടെ പ്രതിഷേധം എന്നിവയാണ് കളിമൺ ദൗർലഭ്യത്തിന് കാരണം. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കളിമണ്ണ് കൊണ്ടുവരാനുള്ള ശ്രമങ്ങൾ വിജയിക്കുന്നില്ല. തൊഴിലാളികളുടെ ഉന്നമനത്തിനായി തൃശ്ശൂർ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന 'ടെറാടൈൽ കൺസോർഷ്യം' കളിമണ്ണിന്റെ ദൗർലഭ്യം കാരണം ഇപ്പോൾ പ്രവർത്തനരഹിതമാണ്. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ഭാഗമായി കൊണ്ടുവന്ന നിയന്ത്രണങ്ങളും കളിമൺ ഖനനത്തിന് ചില പ്രായോഗിക പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്നോ മറ്റ് രാജ്യങ്ങളിൽനിന്നോ കപ്പൽ മാർഗ്ഗമോ റെയിൽ മാർഗ്ഗമോ കളിമണ്ണ് ഇറക്കുമതി ചെയ്യുമ്പോൾ റോയൽറ്റി ഒഴിവാക്കി നൽകണമെന്ന വ്യവസ്ഥ 2015-ലെ കേരള

മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര നിയമമായ മൈൻസ് ആന്റ് മിനറൽസ് ആക്ട്, കേരള മിനറൽസ് ചട്ടങ്ങൾ എന്നിവ പ്രകാരവും കളിമണ്ണ് ഉൾപ്പെടെയുള്ള ധാതുക്കൾ കൊണ്ടുപോകുന്നതിന് നിയമാനുസൃതമായ 'മിനറൽ ട്രാൻസിറ്റ് പാസ്' ആവശ്യമാണ്. സംസ്ഥാനത്തെ കളിമണ്ണിന്റെ ദൗർലഭ്യം പരിഗണിച്ച് കർണ്ണാടകത്തിൽനിന്നും വിൽപ്പന നികുതിയടച്ച് ചെക്ക്പോസ്റ്റുകൾ വഴി കൊണ്ടുവരുന്ന കളിമണ്ണ് പിടിച്ചെടുക്കുന്നതൊഴിവാക്കാൻ ജിയോളജി, പോലീസ്, ട്രാൻസ്പോർട്ട് വകുപ്പുകൾക്ക് സർക്കാർ നിർദ്ദേശം നൽകുന്നതാണ്.

(2) <u>ഫ്ലൈറ്റ് ഹാൻഡ്‌ലിംഗ് തൊഴിലാളി സമരം</u>

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലെ എയർ ഇന്ത്യ ഫ്ലൈറ്റ് ഹാൻഡ്‌ലിംഗ് സർവ്വീസ് കരാർ തൊഴിലാളികളെ ജോലിയിൽ തിരിച്ചെടുക്കുന്നതിനും കുടിശ്ശിക തുക നൽകുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): കഴിഞ്ഞ 5 വർഷമായി കരിപ്പൂർ എയർപോർട്ടിൽ 4 യൂണിയനുകളിലായി 500-ൽപ്പരം തൊഴിലാളികൾ 2 വർഷത്തിലൊരിക്കൽ മാറിവരുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്തിരുന്നു. പ്രസ്തുത സ്ഥാപനത്തിലെ കരാർ കമ്പനിയായിരുന്ന കുള്ളാർ ഹോസ്പിറ്റാലിറ്റി എന്ന സ്ഥാപനത്തിൽ ഡ്രൈവർമാർ, ക്ലീനിംഗ് തൊഴിലാളികൾ, ഓഫീസ് ജീവനക്കാർ

എന്നീ വിഭാഗങ്ങളിലായി ജോലി ചെയ്തിരുന്ന 442 തൊഴിലാളികൾക്ക് ശമ്പളം തവണകളായി ലഭിച്ചിരുന്നു. മിനിമം വേതനം, പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങൾ തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് തൊഴിലാളി യൂണിയനുകൾ സമരം ചെയ്തതിനെത്തുടർന്ന് കുള്ളാർ കമ്പനിയിലെ മുഴുവൻ തൊഴിലാളികളെയും ഏറ്റെടുക്കുന്നതിന് എയർ ഇന്ത്യ എയർ ട്രാൻസ്പോർട്ട് സർവ്വീസസ് ലിമിറ്റഡ് തീരുമാനിച്ചു. പക്ഷേ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന വിവിധ യൂണിയനുകളിൽപ്പെട്ട തൊഴിലാളികളടക്കം 20-ൽ കൂടുതൽ കരാർ തൊഴിലാളികളെ ഏറ്റെടുക്കുന്നതിന് എയർ ഇന്ത്യ എയർ ട്രാൻസ്പോർട്ട് സർവ്വീസസ് ലിമിറ്റഡ് ഇതുവരെ തയ്യാറായിട്ടില്ല. മേൽ സ്ഥാപനം കേന്ദ്ര തൊഴിൽ വകുപ്പിന്റെ അധികാരപരിധിയിൽ വരുന്നതാകയാൽ സംസ്ഥാന തൊഴിൽ വകുപ്പിന് നടപടി സ്വീകരിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിനായി തിരുവനന്തപുരം റീജിയണൽ ലേബർ കമ്മീഷണർ (സെൻട്രൽ)-ക്ക് പരാതി കൈമാറിയിട്ടുണ്ട്. കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളവും അവരുടെ കരാറുകാരും അതുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങളും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ വരുന്നതാണെങ്കിലും സംസ്ഥാന സർക്കാർ ഇടപെട്ട് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്.

### (3) മെഡിക്കൽ പി.ജി. വിദ്യാർത്ഥികളുടെ ഫീസ്

ശ്രീ. എ. പി. അനിൽ കുമാർ: സ്വാശ്രയ കോളേജുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ മെഡിക്കൽ പി.ജി. കോഴ്സുകളിലെ ഫീസ് ഗവൺമെന്റ് നൽകുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നത് 50/2009 സർക്കുലർ പ്രകാരമാണ്. സംസ്ഥാന സർക്കാർ വരുമാനപരിധി ഇല്ലാതെയും കേന്ദ്ര സർക്കാർ പദ്ധതിയിൽ 2,50,000/- രൂപ വാർഷിക വരുമാനപരിധിയിലുമാണ് നിലവിൽ സ്വാശ്രയ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം അനുവദിക്കുന്നത്. എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഒ.ഇ.സി. വിദ്യാർത്ഥികൾക്കും അനുവദിക്കുന്നുണ്ട്. ഈ അദ്ധ്യയന വർഷം മുതൽ സ്വാശ്രയ മെഡിക്കൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് നീറ്റിൽനിന്നും മെരിറ്റ് അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. കേന്ദ്ര-സംസ്ഥാന പദ്ധതി പ്രകാരം സ്വാശ്രയ കോളേജുകളിൽ അഡ്മിഷൻ ലഭിക്കുന്ന എസ്.സി./എസ്.ടി., ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് ഫീ റെഗുലേറ്ററി കമ്മിറ്റി നിർദ്ദേശിക്കുന്നതും സർക്കാർ

അംഗീകരിക്കുന്നതുമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. 50 ശതമാനം മെരിറ്റ് സീറ്റുകളുണ്ടായിരുന്ന സ്വാശ്രയ മെഡിക്കൽ ബിരുദ, പി.ജി. കോഴ്സുകളിൽ 10 ശതമാനമാണ് എസ്.സി./എസ്.ടി. സംവരണാനുകൂല്യം നൽകിയിരുന്നത്. നീറ്റ് പരീക്ഷയുടെ അടിസ്ഥാനത്തിൽ 100 ശതമാനം സീറ്റുകളിലും മെരിറ്റ് അടിസ്ഥാനത്തിൽ അലോട്ട്മെന്റും സുപ്രീംകോടതിയുടെ മാനദണ്ഡപ്രകാരമുള്ള ഏകീകൃത ഫീസും കൂടി നടപ്പാക്കുമ്പോൾ വിദ്യാർത്ഥികളുടെ എണ്ണവും മെരിറ്റ് സീറ്റിലെ ഫീസും നിലവിൽ അനുവദിക്കുന്ന വിദ്യാഭ്യാസാനുകൂല്യത്തിന്റെ തുകയും വർദ്ധിക്കുന്നതാണ്. വകുപ്പുതലത്തിൽ ഇവയ്ക്കായി ചെലവിടുന്ന തുക വർദ്ധിക്കുന്ന സാഹചര്യത്തിൽ ബഡ്ജറ്റിന് പുറമേനിന്ന് ഇതിനുള്ള തുക കണ്ടെത്തുന്നതിനായി ധനകാര്യ വകുപ്പുമായി ആലോചിച്ച് അധിക വിഹിതം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(4) <u>കനാൽ നിർമ്മാണം</u>

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: തിരുവനന്തപുരം-കാസർകോട് ജലപാതയുടെ ഭാഗമായ വടകര-മാഹി കനാൽ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): തിരുവനന്തപുരം-കാസർകോട്

ജലപാതയുടെ ഭാഗമായ വടകര-മാഹി കനാലിന്റെ റീച്ച് 1-ന്റെ 20 ശതമാനം പണി പൂർത്തീകരിച്ചെങ്കിലും ബാക്കി പണി ചില സാങ്കേതിക കാരണങ്ങളാൽ തടസ്സപ്പെടുകയുണ്ടായി. റീച്ച് 2, 3, 4 എന്നിവയുടെ പ്രവൃത്തികൾ 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി വിവിധ ഘട്ടങ്ങളിലായി നടന്നുവരികയും റീച്ച് 5-ന്റെ പ്രവൃത്തി സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 29 ശതമാനം പൂർത്തീകരിച്ചിട്ടുമുണ്ട്. ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റിയുടെ സ്റ്റാൻഡേർഡ് പ്രകാരം 32 മീറ്റർ വീതിയും 2.2 മീറ്റർ ആഴവുമുള്ള കനാലാണ് നിർമ്മിക്കേണ്ടത്. 9 പാലങ്ങളുടേയും 15 നടപ്പാലങ്ങളുടേയും നിർമ്മാണം പൂർത്തിയാകുന്നതോടെ ജനങ്ങൾക്കുള്ള ക്ലേശങ്ങൾ പരിഹരിക്കാൻ കഴിയും.

(5) നഷ്ടപരിഹാരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: റെയിൽവേപ്പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി ഭൂമി നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): മുളന്തുരുത്തി-ചിങ്ങവനം റെയിൽപ്പാത ഇരട്ടിപ്പിക്കൽ 3 റീച്ചുകളിലായാണ് നടക്കുന്നത്. മൂന്നാം റീച്ചിൽപ്പെട്ട 606 ഭൂ ഉടമകളിൽ നിന്ന് ജില്ലാ അധികാരികൾ ഡയറക്ട് പർച്ചേസിനായി സ്ഥലത്തിന്റെ ആധാരങ്ങളും രേഖകളും വാങ്ങി

റെയിൽവേ അധികാരികൾക്ക് കൈമാറി ഡോക്യുമെന്റേഷന് വേണ്ടി റെയിൽവേ ഭൂഉടമകളുമായി ബന്ധപ്പെട്ടെങ്കിലും ഭൂവുടമകൾ ഹാജരാവുകയോ നഷ്ടപരിഹാരം കൈപ്പറ്റുകയോ ഭൂമി കൈമാറുകയോ ചെയ്തിരുന്നില്ല. തുടർന്ന് റെയിൽവേ അധികാരികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തിയെങ്കിലും വിവിധ കാരണങ്ങളാൽ ഭൂമി ഏറ്റെടുക്കൽ നടപടി വൈകുകയാണുണ്ടായത്. പായിപ്പാട്-ചിങ്ങവനത്ത് 150 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് റെയിൽവേ നടത്തിയിരിക്കുന്നത്. ഭൂ ഉടമകളുടെ നിസ്സഹകരണംമൂലം പാതയിരട്ടിപ്പിക്കൽ സാധിക്കാതെ വന്നപ്പോൾ റെയിൽവേ സ്ഥലം വീണ്ടും പരിശോധിക്കുകയും ബന്ധപ്പെട്ടവരുടെ ഭൂമി ഒഴിവാക്കുന്നതിന് നോട്ടീസ് നൽകി പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയുമാണ്.

(6) <u>ഉപാധിരഹിത പട്ടയം</u>

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: ഇടുക്കി ജില്ലയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് 01-01-1977-ന് മുൻപ് കൈവശത്തിലിരിക്കുന്ന അർഹരായ കർഷകരുടെ ഭൂമിക്ക് ഉപാധിരഹിത പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): ഇടുക്കി ജില്ലയിലെ അർഹരായ മുഴുവൻ കർഷകർക്കും 21-05-2017-ൽ പട്ടയമേളയിൽ വച്ച് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. റവന്യൂ-ഫോറസ്റ്റ് ജോയിന്റ് ലിസ്റ്റിൽ

ഉൾപ്പെട്ട ഇടുക്കി, കഞ്ഞിക്കുഴി വില്ലേജുകളിലെ അർഹരായ എല്ലാ കർഷകർക്കും നിലവിലെ ചട്ടപ്രകാരം പട്ടയം നൽകുന്നതാണ്. ലിസ്റ്റിൽ ഉൾപ്പെടാത്തതും 01-01-1977-ന് മുൻപ് കുടിയേറിയതുമായ കർഷകർക്ക് ഭൂമിയുടെ പട്ടയം നൽകുന്നത് സംബന്ധിച്ച് സംയുക്ത പരിശോധന വീണ്ടും നടത്തേണ്ടതുണ്ട്. റവന്യൂ ഭൂമിയുടെ കൈവശാവകാശത്തിൽ അർഹരായ 832 പേർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുകയും റീസർവ്വേ ജോലികൾക്കുള്ള ഉദ്യോഗസ്ഥ പുനർവിന്യാസം നടത്തി സർവ്വേ നടപടി പൂർത്തീകരിക്കുന്നതുമാണ്. ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളിലെ അർഹരായവർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വ്യാജ പട്ടയമുണ്ടാക്കി വായ്പയെടുക്കുന്നതായ പരാതിയുടെ അടിസ്ഥാനത്തിൽ പട്ടയത്തിന്റെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിന് എൻ.ഒ.സി. ബാധകമാക്കിയതിലെ ബുദ്ധിമുട്ടൊഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(7) പുലിമുട്ട് നിർമ്മാണം

ശ്രീ. എസ്. ശർമ്മ: കടലാക്രമണം തടയുന്നതിന് മുനമ്പം മുതൽ വൈപ്പിൻ വരെയുള്ള കടൽത്തീരത്ത് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന് അനുവാദം കൊടുക്കുന്നതിനും ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): എടവനക്കാട്, നായരമ്പലം

ഭാഗത്തെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഐ.ഐ.റ്റി. ശിപാർശ ചെയ്തതനുസരിച്ച് നായരമ്പലം ഭാഗത്ത് ആറും എടവനക്കാട് ഭാഗത്ത് രണ്ടും പുലിമുട്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. CWPRS-ന്റെയും ഐ.ഐ.റ്റി.-യുടെയും പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം ബാക്കിയുള്ള സ്ഥലങ്ങളിൽ പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(8) കുടിവെള്ള പദ്ധതി

ശ്രീ. മുല്ലക്കര രത്നാകരൻ: ചിതറ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനും മൈലമൂട് പമ്പ് ഹൗസിലെ പഴയ പമ്പും ട്രാൻസ്ഫോർമറും മാറ്റി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ചിതറ കുടിവെള്ള പദ്ധതിയുടെ പമ്പിംഗ് മെയിൻ പഴയ പൈപ്പ് മാറ്റി സ്ഥാപിക്കാനുള്ള പ്രവൃത്തി മൈലമൂട് മുതൽ വെങ്കോല വരെ ഒന്നാംഘട്ടം പൂർത്തിയായിട്ടുണ്ട്. ഈ പൈപ്പ് ലൈൻ 2016-ൽ പഴയ പൈപ്പ് ലൈനുമായി സംയോജിപ്പിച്ച് ജലവിതരണം നടത്തുന്നുണ്ട്. പദ്ധതിയുടെ തുടർച്ചയായി വെങ്കോല മുതൽ മടത്തറ ജലശുദ്ധീകരണശാല വരെയുള്ള പൈപ്പ് ലൈൻ മാറ്റുന്നതിനുള്ള പ്രവൃത്തിയുടെ രണ്ടാംഘട്ടത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പൈപ്പ് സപ്ലൈ ചെയ്യുന്നതിനാവശ്യമായ എക്സൈസ് ഡ്യൂട്ടി എക്സംപ്ഷൻ സർട്ടിഫിക്കറ്റ് ജില്ലാ

കളക്ടറിൽനിന്നും 22-2-2017-ൽ കരാറുകാരന് നൽകിയിട്ടുണ്ട്. പൈപ്പുകൾ മേയ് അവസാനത്തോടെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത പണിക്കാവശ്യമായ റോഡ് കട്ടിംഗ് ചാർജ്ജ് കേരള വാട്ടർ അതോറിറ്റി, പൊതുമരാമത്ത് വകുപ്പിൽ അടച്ചിട്ടുണ്ട്. ജൂൺ ഒന്ന് മുതൽ ആഗസ്റ്റ് 30 വരെ പി.ഡബ്ല്യു.ഡി. റോഡിൽ പണികൾ അനുവദിക്കാത്തതിനാൽ സെപ്തംബർ മാസത്തോടുകൂടി പ്രവൃത്തികൾ ആരംഭിക്കുമെന്നും 1455 മീറ്റർ പൈപ്പിടുന്ന പ്രവൃത്തി ഒക്ടോബർ അവസാനത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. മൈലമൂട് പമ്പ് ഹൗസിലെ പഴയ പമ്പും ട്രാൻസ്ഫോർമറും മാറ്റി സ്ഥാപിക്കുന്നതിന് 31-3-2017-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിച്ചുവരികയാണ്.

(9) ഡയാലിസിസ് യൂണിറ്റ് ആരംഭിക്കൽ

ശ്രീ. സി. മമ്മൂട്ടി: തിരൂർ നിയോജകമണ്ഡലത്തിലെ വളവന്നൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): വളവന്നൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിൽ എട്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുണ്ട്. മൂന്ന് ഡോക്ടർമാർ സേവനമനുഷ്ഠിക്കുന്ന ഈ

ആശുപത്രിയിൽ മെഡിക്കൽ ഓഫീസറുടെ സേവനം മൂന്നുമണിവരെ ലഭിക്കുന്നുണ്ട്. ഇവിടെ പബ്ലിക് ഹെൽത്ത് പ്രോഗ്രാമിലൂടെ രോഗപ്രതിരോധ കുത്തിവയ്പ്പും ജീവിതശൈലീ രോഗങ്ങളെക്കുറിച്ചുള്ള ക്ലാസ്സും നടത്തിവരുന്നുണ്ട്. പ്രതിമാസം പതിനായിരത്തിൽപ്പരം ഒ.പി. ചികിത്സയും 50 ഐ.പി. ചികിത്സയും നടക്കുന്ന ഈ സെന്ററിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനായി എം.പി. ഫണ്ടിൽനിന്നും 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായി ബ്ലോക്ക് പഞ്ചായത്തും സഹായം നൽകാമെന്ന് പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അനുവാദം നൽകുന്നതാണ്.

(10) സൗരോർജ്ജ വേലിയും കിടങ്ങും സ്ഥാപിക്കൽ

ശ്രീ. രാജു എബ്രഹാം: വന്യജീവികളുടെ ആക്രമണം തടയുന്നതിന് കിടങ്ങുകളും റാന്നി വനം ഡിവിഷന് ചുറ്റുമുള്ള 200 കിലോമീറ്റർ പ്രദേശത്ത് സൗരോർജ്ജ വേലിയും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): റാന്നി വനം ഡിവിഷന്റെ പുറം അതിര് ഏകദേശം 761 കിലോമീറ്ററാണ്. സൗരോർജ്ജവേലിയും കിടങ്ങുകളും മറ്റും നിർമ്മിച്ച് മനുഷ്യ-മൃഗ സംഘർഷം തടയേണ്ട വനാതിർത്തി 150 കിലോമീറ്ററോളമാണ്. മുൻവർഷങ്ങളിൽ സൗരോർജ്ജവേലി 35 കിലോമീറ്ററും കിടങ്ങ് 2.6 കിലോമീറ്ററും നിർമ്മിച്ചിട്ടുണ്ട്.

ഇനിയും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ട വനാതിർത്തിയുടെ ദൈർഘ്യം 110 കിലോമീറ്ററോളം വരും. റാന്നി വനം ഡിവിഷന് കീഴിൽ യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം തോട്ടങ്ങളും വച്ചുപിടിപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം മരങ്ങൾ വച്ചുപിടിപ്പിച്ച് സ്വാഭാവിക വനമായി മാറ്റാൻ അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 110 കിലോമീറ്റർ പ്രദേശത്ത് ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ തുടർന്നും നടത്തുന്നതാണ്.

## IV റിപ്പോർട്ടുകളുടെ സമർപ്പണം

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ മുപ്പത് മുതൽ നാൽപ്പത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## V ധനകാര്യം

### 2017-2018 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ് (231,78,20,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും (912,38,55,000 രൂപ)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXV - പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ (2481,66,49,000 രൂപ)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയേയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയേയും മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയേയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയേയും സ്റ്റേഷനറിയും

അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയേയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്ന രാഷ്ട്രീയ വിവേചനം അവസാനിപ്പിക്കണം. സംസ്ഥാനത്തിന് അർഹതപ്പെട്ട അരി വിഹിതം അനുവദിക്കണം. മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ച്ചയ്ക്ക് അനുവാദം നൽകാത്ത പ്രധാനമന്ത്രിയുടെ നടപടി ഖേദകരമാണ്. തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിനും

കർഷകത്തൊഴിലാളി പെൻഷൻ 1100 രൂപയായി വർദ്ധിപ്പിക്കുന്നതിനും കയർ, തോട്ടം തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനും വിവിധ ക്ഷേമനിധി ബോർഡുകൾ വഴി തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്നതിനും അസംഘടിത മേഖലയിൽ വേതന സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. കിഫ്ബിയുടെ ധനസഹായത്തോട വയനാട്ടിലെ കൽപ്പറ്റ ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും തോട്ടം തൊഴിലാളികളെ ആധുനിക വ്യവസായ തൊഴിലാളികളുടെ നിലവാരത്തിലെത്തിക്കുന്നതിനും അവർക്ക് വീട് നിർമ്മിച്ചുനൽകുന്നതിനും കൂലി 600 രൂപയായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. കാപ്പി, തേയില കർഷകർ നേരിടുന്ന ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. വയനാട് ജില്ലയിൽ പട്ടികവർഗ്ഗ മേഖലയിൽ ആദിവാസി ടീച്ചർമാരെ നിയമിക്കുന്നതിനും പോലീസ്, എക്സൈസ് വകുപ്പുകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഏർപ്പെടുത്തുന്നതിനുമുള്ള നടപടി അഭിനന്ദനാർഹമാണ്. ജനസംഖ്യാനുപാതികമായി എല്ലാ ആദിവാസി വിഭാഗങ്ങൾക്കും സർക്കാർ മേഖലയിൽ സംവരണം ഏർപ്പെടുത്തുന്നതിനും സ്വകാര്യ മേഖലയിൽ തൊഴിൽ സംവരണം ഉറപ്പുവരുത്തുന്നതിനും അവരുടെ ജീവിതനിലവാരം

മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. മദ്യാസക്തിയിൽ നിന്ന് അവരെ മോചിപ്പിക്കുന്നതിനും ഗോത്രകലാമേളകൾക്ക് പ്രോത്സാഹനം നൽകുന്നത് തുടരുന്നതിനും നടപടിയുണ്ടാകണം. സർക്കാർ തീരുമാനത്തിനു വിരുദ്ധമായി നടന്ന പത്തനംതിട്ട ജില്ലയിലെ എസ്.ടി. പ്രൊമോട്ടർമാരുടെ നിയമനം റദ്ദാക്കണം.

ശ്രീ. എ. പി. അനിൽ കുമാർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട് മുൻ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ മെച്ചപ്പെട്ട നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ സർക്കാർ തയ്യാറാകണം. കോർപ്പസ് ഫണ്ടിൽ മതിയായ നീക്കിയിരിപ്പില്ലാത്ത സാഹചര്യത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനവുമായി ബന്ധപ്പെട്ടുള്ള അംബേദ്കർ ഗ്രാമം പദ്ധതി നടത്തിപ്പിനുള്ള ഫണ്ട് കണ്ടെത്തുന്നത് എങ്ങനെയെന്ന് വ്യക്തമാക്കണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിതനിലവാരമുയർത്തുന്ന കാര്യത്തിൽ ഇടതുപക്ഷ സർക്കാരുകളുടെ സംഭാവന സംബന്ധിച്ച് ആത്മപരിശോധന നടത്താൻ തയ്യാറാകണം. പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സഹായത്തിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള വരുമാനപരിധി ഉയർത്തുന്നതിനാവശ്യമായ ഇടപെടലുണ്ടാകണം. എയ്ഡഡ് മേഖലയിൽ എസ്.സി. വിഭാഗം മാനേജ്മെന്റുകൾക്ക് കോളേജുകൾ അനുവദിക്കുന്നതിനും പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പാലക്കാട് മെഡിക്കൽ കോളേജ്

ആരംഭിക്കുന്നതിനും കഴിഞ്ഞത് മുൻ യു.ഡി.എഫ്. സർക്കാരിന്റെ ചരിത്രനേട്ടമാണ്. കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വ്യവസായ മേഖലകളിൽ കടന്നുവരുന്നതിനാവശ്യമായ സഹായ സഹകരണങ്ങൾ നൽകാൻ സർക്കാർ തയ്യാറാകണം.

ശ്രീ. കെ. ദാസൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിനും അതിന്റെ ദോഷവശങ്ങൾ സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനും വേണ്ടി വിമുക്തി എന്ന പേരിൽ കൊണ്ടുവന്ന പദ്ധതി ജനോപകാരപ്രദമാണ്. കഴിഞ്ഞ ഗവൺമെന്റ് നടപ്പാക്കിയ മദ്യനിരോധനം വഴി റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവാണുണ്ടായത്. കള്ളിൽ അടങ്ങിയിട്ടുള്ള ആൽക്കഹോൾ കണ്ടന്റിന്റെ ശതമാനത്തിൽ കൃത്യത വരുത്തുന്നതിന് നടപടി സ്വീകരിക്കണം. കള്ള് വ്യവസായത്തിന്റെ പരിപോഷണത്തിനായി Toddy Board രൂപീകരിക്കുകയും കള്ളുഷാപ്പുകൾക്കനുയോജ്യമായ കെട്ടിടം നിർമ്മിച്ച് നൽകുകയും ചെയ്യണം. ബാറുകൾക്ക് അനുവദിച്ചതുപോലെ കള്ളുഷാപ്പുകൾ തമ്മിലുള്ള ദൂരപരിധി 200 മീറ്ററാക്കി നിജപ്പെടുത്തണം. കള്ളുഷാപ്പുകളിൽ നടത്തുന്ന പരിശോധനയെത്തുടർന്ന് അവ പൂട്ടിയിടുന്ന നടപടിയോട് യോജിക്കാനാവില്ല. കള്ളുഷാപ്പുകളിൽ ഭക്ഷണം നൽകുന്നതിനുള്ള ക്രമീകരണങ്ങളുണ്ടാക്കുന്നതിനും അവയുടെ പദവി ഉയർത്തുന്നതിനും നടപടി

സ്വീകരിക്കണം. ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിനാവശ്യമായ ശക്തമായ നിലപാട് സ്വീകരിക്കണം.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ആനുകൂല്യം വർദ്ധിപ്പിച്ചുനൽകാൻ സാധിച്ചതും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ആവാസ്, അപ്നാ ഘർ എന്നീ പദ്ധതികൾ നടപ്പാക്കിയതും തൊഴിൽ ക്ഷാമം പരിഹരിക്കാൻ ജോബ് പോർട്ടൽ ആരംഭിക്കാൻ തീരുമാനിച്ചതും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി മാറ്റിയതും സ്വാഗതാർഹമാണ്. ഭിന്നശേഷി വിഭാഗങ്ങൾക്കുവേണ്ടി കൈവല്യ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. എല്ലാ മേഖലകളിലും മിനിമം വേജസ് നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുംവേണ്ടി ഒരു കമ്മീഷനെ നിയമിക്കണം. കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെ കൊടുത്തുതീർക്കുന്നതിന് കൂടുതൽ പണം വകയിരുത്തുന്നതിനും മദ്യനയം പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ ആദിവാസി വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പ്രവൃത്തികൾ

ഗവൺമെന്റിന് ഈ വിഭാഗങ്ങളോടുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. ഓരോ പട്ടികജാതി കോളനികളുടെയും സമഗ്ര വികസനത്തിന് പദ്ധതി ആവിഷ്കരിക്കുകയും ആവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്യണം. പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനും കുടിശ്ശികയുൾപ്പെടെ നൽകുന്നതിനും സ്വാശ്രയ സ്ഥാപനങ്ങൾ കൈവശം വച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ തിരികെ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനായി ഈ ഗവൺമെന്റ് യാതൊന്നും ചെയ്യുന്നില്ല. വിധവകൾക്ക് വീടുനിർമ്മിച്ചുനൽകുന്നതിനുവേണ്ടി നീക്കിവച്ച 32 കോടി രൂപ കളക്ടർക്ക് കൈമാറിയതല്ലാതെ ഇതുവരെ ചെലവഴിച്ചിട്ടില്ല. മദ്രസാദ്ധ്യാപക ക്ഷേമനിധി പെൻഷന്റെ കാര്യത്തിൽ തീരുമാനമായിട്ടില്ല. ന്യൂനപക്ഷ വകുപ്പിനുകീഴിലുള്ള പദ്ധതികളുടെ പേരുമാറ്റാനുള്ള കാരണം വ്യക്തമാക്കണം. ന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽപ്പെട്ട എൻ.എച്ച്. കോളനിയിലെ യു.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനും കൊണ്ടോട്ടിയിൽ ഒരു എക്സൈസ് ഓഫീസ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: പുതിയ മദ്യനയത്തിന് രൂപം നൽകണം. മദ്യശാലകൾ അടച്ചുപൂട്ടിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കണം. മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കുമരുന്നിന്റെ ഉപയോഗം തടയാനായി ആരംഭിച്ച വിമുക്തി പദ്ധതിയെ സ്വാഗതം ചെയ്യുന്നതോടൊപ്പം നല്ല നിലയിൽ പ്രവർത്തിക്കുന്ന ലഹരി വിമോചന കേന്ദ്രങ്ങളെക്കൂടി പ്രസ്തുത പദ്ധതിയിലുൾപ്പെടുത്താനുള്ള നടപടിയുണ്ടാകണം. മയക്കുമരുന്ന് വ്യാപനത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കണം. ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ ജോലി സുരക്ഷിതത്വം ഉറപ്പുവരുത്തണം. ഹാംലെറ്റ് പദ്ധതി റിവ്യൂ നടത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓൺലൈൻ സംവിധാനം കൊണ്ടുവരാനും കരിയർ ഡെവലപ്മെന്റ് സെന്റർ വഴി ധാരാളം ആളുകൾക്ക് ജോലി നൽകാനും സർക്കാരിന് സാധിച്ചു. അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായുള്ള 'വിമുക്തി' പദ്ധതി പ്രശംസനീയമാണ്. മദ്യനയം രൂപീകരിക്കാനും ഈ മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ

പുനരധിവസിപ്പിക്കാനും നടപടി സ്വീകരിക്കണം. മയക്കുമരുന്നും കള്ളവാറ്റും തടയണം. ശാസ്താംകോട്ടയിലെ എക്സൈസ് കോംപ്ലക്സിന്റെ പണി പൂർത്തീകരിക്കണം. എക്സൈസ് ഗാർഡുകളുടെ സ്വയംരക്ഷയ്ക്കായി ആയുധങ്ങൾ നൽകി സംരക്ഷണം ഉറപ്പാക്കണം. പട്ടികജാതി/പട്ടികവർഗ്ഗ/ആദിവാസി ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റുകൾക്ക് കഴിഞ്ഞുവെന്നത് എടുത്തുപറയേണ്ടതാണ്.

ശ്രീ. ഐ.സി. ബാലകൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മുൻ ഗവൺമെന്റിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കിയ പദ്ധതികളെല്ലാം ഇന്ന് സ്തംഭനാവസ്ഥയിലാണ്. ജനനി ജന്മസുരക്ഷാ പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കണം. ഗോത്രസാരഥി പദ്ധതി അട്ടിമറിച്ചു. പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. നിത്യോപയോഗ സാധനങ്ങൾക്കുള്ള തുക കുടിശ്ശികയായതിനാൽ എം.ആർ.എസ്.-കളിലും ഹോസ്റ്റലുകളിലും അവ ലഭ്യമാകാത്ത സ്ഥിതിയാണുള്ളത്. ട്രൈബൽ ഓഫീസുകളിൽ വെബ്സൈറ്റ് സംവിധാനം ഏർപ്പെടുത്തണം. പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ വകുപ്പുമന്ത്രി ശക്തമായ ഇടപെടൽ നടത്തണം. അൻപതിനായിരം രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനമുള്ള

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ചികിത്സാ ധനസഹായം നിഷേധിച്ചിരിക്കുന്ന സാഹചര്യത്തിൽ വരുമാന പരിധി ഉയർത്താൻ നടപടി സ്വീകരിക്കണം. കോർപ്പസ് ഫണ്ട് വിനിയോഗത്തിൽ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം. 'ആശിക്കും ഭൂമി' പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ തയ്യാറാകണം. പട്ടികവർഗ്ഗ വിഭാഗത്തിന്റെ കടം എഴുതിത്തള്ളുന്നതിനായി കഴിഞ്ഞ ഗവൺമെന്റ് എസ്.സി./എസ്.ടി. കോർപ്പറേഷന് അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കണം.

ശ്രീ. ബി. സത്യൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ പൊതു ഖജനാവിൽ ഏറ്റവുമധികം വരുമാനം ലഭ്യമാക്കുന്ന എക്സൈസ് മേഖലയെ നവീകരിക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്ന സ്കോളർഷിപ്പ്/ലംപ്സം ഗ്രാന്റ് തുകകൾ വർദ്ധിപ്പിക്കുന്നതിനും എം.ആർ.എസ്.-ൽ ഹയർ സെക്കന്ററി അദ്ധ്യാപകരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം. ടെക്സ്റ്റൈൽ മേഖല ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിനും ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സുരക്ഷയും ആരോഗ്യവും ഉറപ്പാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. ഐ.ടി.ഐ. അടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന നടപടിയെ അഭിനന്ദിക്കുന്നു. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ കാലോചിതമായ

ട്രെയിനിംഗ് കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. കശുവണ്ടി, കയർ മേഖലകളിലുൾപ്പെടെയുള്ള തൊഴിലാളികൾക്ക് മിനിമം കൂലി ലഭ്യമാക്കുന്നതിനും ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. സ്വകാര്യ സംരംഭകർ നടത്തുന്ന വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ നിയമം അനുശാസിക്കുന്ന ആനുകൂല്യങ്ങളും തൊഴിൽ സംരക്ഷണവും നൽകാൻ നടപടി സ്വീകരിക്കണം.

ശ്രീ. പി. ഉണ്ണി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 900 കോടി രൂപയുടെ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി, ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, 60 വയസ്സ് കഴിഞ്ഞവർക്ക് പെൻഷൻ, വയോജന സംരക്ഷണം തുടങ്ങിയവ ഈ ഗവൺമെന്റിന്റെ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. പശ്ചാത്തല സൗകര്യ വികസനത്തിനായി 50,000 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയതും എക്സൈസ് വകുപ്പ് നവീകരിക്കാനുള്ള നടപടിയും അഭിനന്ദനാർഹമാണ്. മയക്കുമരുന്ന് വേട്ടയ്ക്ക് നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് ആയുധമുൾപ്പെടെ ആവശ്യമായ സൗകര്യങ്ങൾ നൽകി സുരക്ഷിതത്വം ഉറപ്പുവരുത്തണം. മദ്യ മയക്കുമരുന്നുരഹിത സംസ്ഥാനമായി കേരളത്തെ മാറ്റണം. മദ്യശാലകൾ അടച്ചുപൂട്ടിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്കായി സമഗ്ര പുനരധിവാസ പാക്കേജ് ആവിഷ്കരിക്കണം. അട്ടപ്പാടിയിൽ 'കമ്മ്യൂണിറ്റി കിച്ചൺ'

പദ്ധതി നടപ്പിലാക്കിയ നടപടിയെ അഭിനന്ദിക്കുന്നു. മദ്യത്തിനും മയക്കുമരുന്നിനുമെതിരായ ബോധവൽക്കരണത്തിന്റെ ഭാഗമായി 'വിമുക്തി' പദ്ധതി ആരംഭിച്ചതും ആധുനിക സൗകര്യത്തോടുകൂടിയ ഡീ-അഡിക്ഷൻ സെന്റർ സ്ഥാപിച്ചതും വിമൺ എക്സൈസ് പട്രോളിംഗ് ആരംഭിക്കാൻ തീരുമാനിച്ചതും തൊഴിലില്ലായ്മയ്ക്ക് പരിഹാരമായി 'ജോബ് പോർട്ടൽ' തുടങ്ങിയതും പ്രശംസാർഹമാണ്. പ്രവാസി ക്ഷേമത്തിന് മുൻതൂക്കം നൽകുന്ന നടപടികളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ദീർഘവീക്ഷണത്തോടുകൂടിയ ഇടപെടലിലൂടെ കേരളത്തിൽ സംരംഭകസൗഹൃദ അന്തരീക്ഷം കെട്ടിപ്പടുക്കാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്. കേരളത്തെ തൊഴിലാളി സൗഹൃദ സംസ്ഥാനമായി മാറ്റാനും സ്വന്തമായി ഒരു തൊഴിൽ നയം ആവിഷ്കരിക്കാനും നടപടി സ്വീകരിക്കണം. ലേബർ കമ്മീഷണറേറ്റിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ വിപുലീകരിക്കണം. ട്രേഡ് യൂണിയനുകൾക്ക് വാർഷിക റിട്ടേൺ നൽകുന്നതിന് ഇ-ഫയലിംഗ് സംവിധാനം, ടോൾ ഫ്രീ നമ്പർ വഴിയുള്ള കോൾ സെന്ററിന്റെ പ്രവർത്തനം എന്നിവ മാതൃകാപരമായ നടപടികളാണ്. വാണിജ്യ-വ്യാപാര സ്ഥാപനങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഗ്രേഡിംഗ് സംവിധാനം ആകർഷണീയമാണ്. ക്ഷേമ പെൻഷനുകൾ കുടിശ്ശികയില്ലാതെ വിതരണം

ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണത്തെയും ഇതര സംസ്ഥാനത്തൊഴിലാളി ക്ഷേമത്തിനായുള്ള സർക്കാരിന്റെ ഇടപെടലുകളെയും അഭിനന്ദിക്കുന്നു. സംസ്ഥാന ഗവൺമെന്റ് വിഹിതം കൂടി ഉൾപ്പെടുത്തി 'ആവാസ് ' പദ്ധതി വിപുലീകരിക്കുന്നതിനും ചികിത്സാ ധനസഹായം 50,000 രൂപയാക്കി ഉയർത്തുന്നതിനും മരണപ്പെടുന്ന ഇതര സംസ്ഥാനത്തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന തുക 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനും ഇവർക്കായി കഞ്ചിക്കോട് നടപ്പാക്കിയ 'അപ്നാ ഘർ' പദ്ധതി മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ സഹായത്തോടെ പട്ടികവർഗ്ഗ കോളനികളുൾപ്പെടെ വൈദ്യുതീകരിച്ചുകൊണ്ട് പീരുമേടിനെ സമ്പൂർണ്ണ വൈദ്യുതീകരണ നിയോജകമണ്ഡലമായി പ്രഖ്യാപിക്കുകയുണ്ടായി. കേരളത്തിൽ താമസിക്കുന്ന ഇതര സംസ്ഥാനക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും നിശ്ചിത ശതമാനം മാർക്കില്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ബാങ്കുകൾ വിദ്യാഭ്യാസ വായ്പ അനുവദിക്കാത്ത പ്രശ്നത്തിലും സർക്കാരിന്റെ അടിയന്തര ശ്രദ്ധയുണ്ടാകണം. കടുത്ത പ്രതിസന്ധി നേരിടുന്ന തോട്ടം മേഖലയെ സംരക്ഷിക്കുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ വിളിച്ച് ചേർത്ത് പരിഹാരം കാണേണ്ടതും ജസ്റ്റിസ് കൃഷ്ണൻനായർ

കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കേണ്ടതുമാണ്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളും ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും തോട്ടം തൊഴിലാളികൾക്ക് 'ലൈഫ്' ഭവന പദ്ധതിയിലൂടെ പുതിയ വീടുകൾ നിർമ്മിച്ചു നൽകുന്നതിനും നടപടി സ്വീകരിക്കണം. പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കുകയും പണം അനുവദിക്കുകയും ചെയ്യണം.

ശ്രീ. ഒ. ആർ. കേളു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രശംസനീയമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. പൂട്ടിക്കിടന്ന തൊഴിൽശാലകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും നിർജ്ജീവമായ ബോർഡുകൾ പുനഃസംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. തൊഴിലാളികളുടെ വിവിധ ക്ഷേമപെൻഷനുകളുടെ വരുമാന പരിധി വർദ്ധിപ്പിക്കുന്നതിനും കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനും അസംഘടിത തൊഴിലാളികൾക്ക് ദുരിതാശ്വാസ ആനുകൂല്യങ്ങൾ നൽകുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ സുരക്ഷിതത്വം, ശുചിത്വം, കുടിവെള്ളം, ഇൻഷ്വറൻസ് എന്നിവ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചു. എക്സൈസ് വകുപ്പിന്റെ ആധുനികവൽകരണത്തിലൂടെ നിരവധി മയക്കുമരുന്ന് കേസുകൾ കണ്ടെത്തുകയും മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം കുറയ്ക്കുന്നതിനായി വിവിധ മേഖലകളിലായി വിമുക്തി പദ്ധതി

നടപ്പാക്കുകയും സ്കൂൾ/കോളേജ് തലത്തിലെ കുട്ടികളിലും ചെറുപ്പക്കാർക്കിടയിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തത് അഭിനന്ദനാർഹമാണ്. ആദിവാസികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനുമായി നിരവധി പദ്ധതികളാണ് സർക്കാർ നടപ്പാക്കിയിട്ടുള്ളത്. ഭൂമിയും പട്ടയവുമില്ലാത്തവർക്ക് അവ ലഭ്യമാക്കുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിൽ പിന്നോക്കം നിൽക്കുന്ന അടിയ, പണിയ തുടങ്ങിയ വിഭാഗങ്ങളെ സാമ്പത്തികമായും സാമൂഹികമായും സാംസ്കാരികമായും ഉയർത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ന്യൂനപക്ഷ വിഭാഗങ്ങളുടെ സംരക്ഷണത്തിനായി ദീർഘവീക്ഷണത്തോടുകൂടിയ പ്രവർത്തനങ്ങളാണ് സർക്കാർ കാഴ്ചവയ്ക്കുന്നത്.

ശ്രീ. എം. ഉമ്മർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മഞ്ചേരി മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികൾ നടത്തിവരുന്ന നിരാഹാര സമരവും ബാറുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തി വരുന്ന സമരവും അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരു വർഷം കഴിഞ്ഞിട്ടും മദ്യനയം രൂപീകരിക്കാൻ സാധിച്ചിട്ടില്ല. ബാർ ലൈസൻസ് കാലാവധി പുതുക്കുന്നതിനോ പുതിയവ അനുവദിക്കുന്നതിനോ നടപടി സ്വീകരിക്കാത്തതുമൂലം സർക്കാരിനുണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കണം. ടെക്നോപാർക്ക്,

ഇൻഫോപാർക്ക്, സൈബർ പാർക്ക് തുടങ്ങിയ കമ്പനികളിൽ ജോലി ചെയ്യുന്നവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണം. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെ എണ്ണം വ്യക്തമാക്കണം. മുൻസർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിന്റെ നിയന്ത്രണത്തിലുള്ള എയ്ഡഡ് കോളേജുകൾ ആരംഭിച്ചെങ്കിലും അതിനൊന്നും പണം ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അട്ടപ്പാടിയിൽ ഏഴ് കുട്ടികൾ മരണപ്പെട്ട സംഭവം നിർഭാഗ്യകരമാണ്. മാറിമാറി വരുന്ന സർക്കാരുകൾ പ്രവാസികൾക്കായി പദ്ധതികൾ പ്രഖ്യാപിക്കുന്നതല്ലാതെ ഒന്നും യാഥാർത്ഥ്യമാകുന്നില്ല. തൊഴിൽ നഷ്ടപ്പെട്ട് ഗൾഫ് രാജ്യങ്ങളിലെ ലേബർ ക്യാമ്പുകളിൽ കഴിയുന്നവരെ സഹായിക്കാനോ സൗദി അറേബ്യയിലെ പൊതുമാപ്പ് മൂലം തിരികെ വരുന്നവരെ നാട്ടിലെത്തിക്കാനോ ഈ സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. തിരികെയെത്തുന്ന പ്രവാസികളെ സഹായിക്കാൻ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന പദ്ധതിയിലൂടെ 20 ലക്ഷം രൂപ വായ്പ നൽകുമെന്ന പ്രഖ്യാപനം നടപ്പാക്കാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റ് ആർഭാടങ്ങൾക്കും അനാവശ്യ വ്യവഹാരങ്ങൾക്കുമായി ഖജനാവ് ധൂർത്തടിക്കുകയാണ്. സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന സത്യപ്രതിജ്ഞാ ചടങ്ങിന് 50 ലക്ഷം രൂപയും പരസ്യത്തിനായി 16 കോടി രൂപയുമാണ്

ചെലവഴിച്ചിട്ടുള്ളത്. എം.എൽ.എ.-മാർ കൊടുത്ത ഫയലുകൾപോലും സെക്രട്ടേറിയറ്റിൽ നിശ്ചലാവസ്ഥയിലാണ്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഐ.എ.എസ്.-കാരുടെ സമരവും ഉണ്ടായിരിക്കുകയാണ്. മൂന്നാറിൽ 144 പ്രഖ്യാപിച്ചത് മുഖ്യമന്ത്രി അറിഞ്ഞിട്ടില്ലെന്ന പ്രസ്താവന ആഭ്യന്തര വകുപ്പിലും പൊതുഭരണത്തിലും നിയന്ത്രണമില്ലെന്നതിന്റെ തെളിവാണ്. വിജിലൻസ് ഡയറക്ടർ ആരാണെന്നുപോലും പറയാൻ കഴിയാത്ത അവസ്ഥയാണ്.

<u>ശ്രീ. എ. എം. ആരിഫ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എക്സൈസ് വകുപ്പിൽനിന്ന് കിട്ടുന്ന വരുമാനംകൂടി കണക്കാക്കിയാണ് ധനാഭ്യർത്ഥനകൾ രൂപപ്പെടുത്തിയിട്ടുള്ളത്. സുപ്രീം കോടതി പാതയോര മദ്യക്കച്ചവടം നിരോധിച്ചതുമൂലം കേരളത്തിൽ 1600 കോടിയോളം രൂപയുടെ വരുമാനക്കുറവുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ വിഷയം ചർച്ച ചെയ്യപ്പെടേണ്ടതാണ്. മദ്യഷാപ്പുകൾ ജനവാസകേന്ദ്രങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനെതിരെ സംസ്ഥാനം റിവ്യൂ ഹർജി നൽകാത്തതുസംബന്ധിച്ച് വ്യക്തമാക്കണം. മയക്കുമരുന്നും കഞ്ചാവും പ്രതിരോധിക്കാനുള്ള ശക്തമായ ഇടപെടലുണ്ടാകണം. മദ്യ ഉപഭോഗം നിയന്ത്രിക്കുന്നതിനും വീര്യം കൂടിയ മദ്യത്തിനുപകരം വീര്യം കുറഞ്ഞ മദ്യം ലഭ്യമാക്കാൻ നടപടിയുണ്ടാകണം. രാഷ്ട്രീയ-വിദ്യാർത്ഥി-യുവജന-മഹിളാ പ്രസ്ഥാനങ്ങളും കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി

തുടങ്ങിയവ ഉൾക്കൊള്ളുന്ന വിപുലമായ ജനകീയ പ്രസ്ഥാനം രൂപപ്പെടുത്തി മദ്യവർജ്ജനത്തിലേയ്ക്ക് സമൂഹത്തെ എത്തിക്കുന്നതിന് ക്യാമ്പയിൻ തുടങ്ങിവച്ച സർക്കാരിന്റെ ആത്മാർത്ഥതയെ അഭിനന്ദിക്കുന്നു. ക്ഷേമപെൻഷനുകൾ 1100 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും അവ വീടുകളിലെത്തിക്കുന്നതിനും കഴിഞ്ഞത് അഭിനന്ദനാർഹമാണ്. ഇരട്ടിപ്പിന്റെയും ആധാർ ലിങ്കിന്റെയും പേരിൽ പെൻഷൻ ലഭിക്കാതെ പോയത് പരിശോധിക്കപ്പെടണം. ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ക്ഷേമനിധി വിപുലപ്പെടുത്തി അതിന്റെ രജിസ്ട്രേഷൻ ശക്തമാക്കാൻ എ.എൽ.ഒ.-മാർക്ക് നിർദ്ദേശം കൊടുക്കുകയും തൊഴിലാളികൾക്ക് വീടുവച്ച് നൽകാനുള്ള ഭവന ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യണം. നിയുക്തി ജോബ് ഫെയർ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും സ്വകാര്യ സ്ഥാപനങ്ങളിലേയ്ക്കുകൂടി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്യണം. ഉത്സവ സീസണുകളിൽ വിമാനക്കമ്പനികൾ യാത്രാ നിരക്ക് വർദ്ധിപ്പിക്കുന്ന കാര്യം കേന്ദ്രമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് പരിഹരിച്ചത് ശ്ലാഘനീയമാണ്.

<u>ശ്രീ. പി. ടി. തോമസ്</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 2008-ൽ പാർലമെന്റ് പാസ്സാക്കിയ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ നിയമം കാര്യക്ഷമമായ രീതിയിൽ നടപ്പാക്കണം. തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ

ഫണ്ട് ശരിയായ രീതിയിൽ വിനിയോഗിക്കണം. കുടിയേറ്റ തൊഴിലാളികളുടെ ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ, താമസസൗകര്യം തുടങ്ങിയ കാര്യങ്ങളിൽ കാലോചിതവും വ്യക്തവുമായ നടപടിയുണ്ടാകണം. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്ക് കൃത്യമായി സ്റ്റൈപ്പന്റ് നൽകുകയും താമസക്കാരായ കുട്ടികളുടെ മറവിൽ എസ്.സി./എസ്.ടി. ഹോസ്റ്റലുകളിൽ സാമൂഹ്യവിരുദ്ധർ കടന്നുകയറുന്ന പ്രവണതയ്ക്ക് അറുതിവരുത്തുകയും വേണം. ദുബായിൽ വച്ച് മുഖ്യമന്ത്രി നടത്തിയ 27 പ്രഖ്യാപനങ്ങളിൽ ഒന്നുപോലും നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഇടതുപക്ഷം ശക്തമായെതിർത്തിരുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ മുന്നാക്ക സമുദായ കോർപ്പറേഷന്റെ ചെയർമാനായി നിയമിച്ചത് വിരോധാഭാസമാണ്.

## VI വ്യക്തിപരമായ വിശദീകരണം

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): മലപ്പുറം ഉപതെരഞ്ഞെടുപ്പിനുശേഷം ഞാൻ തെറ്റായ പ്രസ്താവന നടത്തിയെന്ന ധ്വനി വരുന്ന തരത്തിൽ ശ്രീ. പി. ടി. തോമസ് ഉന്നയിച്ചത് ശരിയല്ല. മുൻ തെരഞ്ഞെടുപ്പിനെക്കാൾ ഭൂരിപക്ഷം ആഗ്രഹിച്ചുകൊണ്ട് മുസ്ലീം ലീഗ് അവിടെ മതന്യൂനപക്ഷ വർഗ്ഗീയതയെ പ്രോത്സാഹിപ്പിച്ചു എന്നാണ് പറഞ്ഞത്. മലപ്പുറം ജില്ലയെ സംബന്ധിച്ച് ഒന്നും പറഞ്ഞിട്ടില്ല.

**ധനകാര്യം (തുടർച്ച)**

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കേന്ദ്ര സർക്കാരിന്റെ നോട്ട് പിൻവലിക്കൽ തീരുമാനം വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ആഴ്ചതോറുമുള്ള അവലോകനത്തിന്റെയും ശക്തമായ മേൽനോട്ടത്തിന്റെയും ഫലമായി പിന്നോക്കസമുദായക്ഷേമം, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് പ്ലാൻ ഫണ്ട് യഥാക്രമം 93, 95, 83 ശതമാനത്തോളം ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ജനസംഖ്യാനുപാതികമായി നൽകേണ്ട പദ്ധതി വിഹിതത്തിൽ കുറവ് വരുത്തിയപ്പോൾ സംസ്ഥാന സർക്കാർ രണ്ട് ശതമാനം അധിക തുക അനുവദിക്കുകയാണ് ചെയ്തത്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയാൽപ്പോലും കൃത്യമായി തുക നൽകാൻ കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. മുൻ സർക്കാരിന്റെ കാലത്തുള്ള പിന്നോക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള കുടിശ്ശിക ഈ സർക്കാർ പൂർണ്ണമായും കൊടുത്തുതീർത്തിട്ടുള്ളതും ഇപ്പോഴുള്ള കുടിശ്ശിക അഡീഷണൽ ആതറൈസേഷൻ വഴി നൽകുന്നതുമാണ്. കേരള പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ റിക്കാർഡ് നേട്ടമാണ് കഴിഞ്ഞ വർഷം കൈവരിച്ചത്. ദേശീയ ധനകാര്യ കമ്മീഷൻ

വായ്പ നൽകിയ മുഴുവൻ തുകയും കോർപ്പറേഷൻ പുനർവിതരണം ചെയ്യുകയും സംരംഭകരെ പരിശീലിപ്പിക്കുന്നതിന് 'ദിശ' എന്ന പുതിയ പദ്ധതിക്ക് രൂപം നൽകുകയും 100 സി.ഡി.എസ്.-കൾക്ക് 100 കോടി രൂപ മൈക്രോ ക്രെഡിറ്റായി വായ്പ നൽകുകയും ചെയ്തിട്ടുണ്ട്. കുറഞ്ഞ പലിശ നിരക്കിൽ വിദേശപഠനത്തിന് വായ്പ നൽകുന്നതിനും വിദേശത്തുനിന്ന് തിരിച്ചുവരുന്ന പ്രവാസികളുടെ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡിയോടെ വായ്പ നൽകുന്നതിനും ഓണം, വിഷു, ക്രിസ്തുമസ് ദിവസങ്ങളിൽ പ്രധാന നഗരങ്ങളിൽ എക്സ്പോ പരിപാടി സംഘടിപ്പിക്കുന്നതിനും കോർപ്പറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള 'ഗോത്രസാരഥി' പദ്ധതിയുടെ മുൻവർഷത്തെ കുടിശ്ശിക വിതരണം ചെയ്യുന്നതിനും യാത്രാസൗകര്യം അനുവദിക്കുന്നതിനും 'കൈത്താങ്ങ്' പദ്ധതിയിലൂടെ അനാഥ കുട്ടികൾക്ക് സഹായം നൽകുന്നതിനും 'ജനനിജന്മരക്ഷാ' പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനും സർക്കാർ നടപടിയെടുത്തിട്ടുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മൺസൂൺ കാലത്ത് ഭക്ഷ്യസഹായ പദ്ധതി നടപ്പിലാക്കുകയും ഓണക്കിറ്റും ഓണക്കോടിയും വിതരണം ചെയ്യുകയും പട്ടികവർഗ്ഗക്കാരുടെ ഒരു ലക്ഷം രൂപ വരെയുള്ള കടം എഴുതിത്തള്ളുകയും ചെയ്തിട്ടുണ്ട്. അർഹരായ ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനാവശ്യമായ തുക

കെ.എസ്.ഇ.ബി.-ക്ക് കൈമാറുകയും പട്ടികവർഗ്ഗക്കാരുടെ നാടൻ കലാമേളകൾ സംഘടിപ്പിക്കുകയും വലിയ തോതിൽ ഉല്പന്നങ്ങൾ വിറ്റഴിക്കുകയും ചെയ്തിട്ടുണ്ട്. ഇടമലക്കുടി പഞ്ചായത്തിന്റെ വികസനത്തിന് സമഗ്ര പാക്കേജ് നടപ്പിലാക്കുന്നതിനും പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന പ്രദേശങ്ങളിൽ വിദ്യാർത്ഥികൾക്ക് സാമൂഹ്യ പഠനമുറി സംവിധാനം ഏർപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ആദിവാസി മേഖലയിലെ സ്കൂളുകളിൽ അദ്ധ്യാപകരായി ആദിവാസി വിഭാഗത്തിൽ നിന്നുള്ളവരെ നിയമിക്കുന്നതാണ്. ടി.ടി.സി., ഡിഗ്രി, പി.ജി., ബി.എഡ്., നഴ്സിംഗ് യോഗ്യതയുള്ള മുഴുവൻ ആദിവാസികൾക്കും ജോലി ലഭ്യമാക്കുന്നതിനുള്ള പദ്ധതിക്ക് സർക്കാർ രൂപം നൽകുന്നതാണ്. ഈ വർഷം കാസർഗോഡ്, കോഴിക്കോട് ജില്ലകളിലായി രണ്ട് പുതിയ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിനും എം.ആർ.എസ്.-കളിലെ ഗ്രൗണ്ടുകൾ മൾട്ടിപർപ്പസ് പ്ലേ ഗ്രൗണ്ടുകളാക്കുന്നതിനും പുതുതായി പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ വികസനത്തിനായി പി.കെ.കാളൻ സാമൂഹ്യവികസന പദ്ധതി ആരംഭിക്കുന്നതിനും കമ്മ്യൂണിറ്റി കിച്ചൻ മലപ്പുറം, വയനാട് ജില്ലകളിൽ വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. അട്ടപ്പാടിയിൽ കൃഷി വകുപ്പുമായി ചേർന്ന് മില്ലറ്റ് വില്ലേജ് പദ്ധതി

ആരംഭിക്കുന്നതിനും ആദിവാസി മേഖലയിൽ ലഹരി പദാർത്ഥങ്ങളുടെ വ്യാപനം തടയുന്നതിന് എക്സൈസ് വകുപ്പുമായി ചേർന്ന് തീവ്രയജ്ഞ പരിപാടി സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കും. പട്ടികജാതി കടാശ്വാസ പദ്ധതിക്ക് കീഴിൽ സഹായം അനുവദിക്കുക വഴി പണയപ്പെടുത്തിയ ആധാരങ്ങൾ പട്ടികജാതി കുടുംബങ്ങൾക്ക് തിരിച്ചുനൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്. പാലക്കാട് മെഡിക്കൽ കോളേജ് കെട്ടിടം പണിയുന്നതിന് തുക അനുവദിക്കുകയും ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് സ്ഥലം അനുവദിക്കുകയും വീടില്ലാത്തവർക്ക് വീടനുവദിക്കുകയും വീടുകളുടെ അറ്റകുറ്റപ്പണിക്ക് ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുകയും അപേക്ഷിച്ച എല്ലാവർക്കും ചികിത്സാ ധനസഹായം അനുവദിക്കുകയും 250 സങ്കേതങ്ങളുടെ സമഗ്രവികസനത്തിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന സ്വയംതൊഴിൽ ആരംഭിക്കുന്നതിന് സഹായം നൽകിയിട്ടുണ്ട്. ഐ.ടി.ഐ.-കൾ നവീകരിക്കുന്നതിനും ഉച്ചഭക്ഷണ പരിപാടി ആരംഭിക്കുന്നതിനും ജോബ് ഫെയർ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വിവാഹം, മിശ്രവിവാഹം, ചികിത്സാ ധനസഹായം എന്നിവയ്ക്കുള്ള വാർഷിക വരുമാനപരിധി ഒരു ലക്ഷമാക്കി ഉയർത്തുന്നതാണ്. മുൻ വർഷങ്ങളിൽ

അനുവദിച്ചതിൽ പൂർത്തിയാക്കാനുള്ള മുഴുവൻ വീടുകളും ഈ വർഷം പൂർത്തിയാക്കുന്നതാണ്. ലൈഫ് പാർപ്പിട പദ്ധതി വരുന്നതോടെ സംസ്ഥാനത്ത് വീടില്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ കുടുംബങ്ങളുണ്ടാകില്ല. പട്ടികജാതിയിൽപ്പെട്ട ദുർബലവിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി 17 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. പട്ടികജാതി സഹകരണ സംഘങ്ങളെ ജനോപകാരപ്രദവും വരുമാനദായകവും സേവനദായകവുമായ പദ്ധതികൾ ഏറ്റെടുക്കുന്നതിന് സജ്ജമാക്കുന്നതിന്റെ ഭാഗമായി എസ്.സി./എസ്.ടി. സഹകരണ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രത്യേക പരിപാടി ആരംഭിക്കും. സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കും. സ്ഥല സൗകര്യമുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ പ്ലസ് ടു ബാച്ചുകൾ ഈ വർഷം ആരംഭിക്കും. എല്ലാ എം.ആർ.എസ്.-കളിലും എം.എസ്.ഡബ്ല്യൂ. യോഗ്യതയുള്ള കൗൺസിലർമാരുടെയും നഴ്സുമാരുടെയും സേവനം ലഭ്യമാക്കും. എല്ലാ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ, ഗണിതം മുതലായ വിഷയങ്ങളിൽ ട്യൂട്ടർമാരെ നിയമിക്കുകയും വിദ്യാർത്ഥികൾക്ക് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുകയും ചെയ്യും. പ്ലസ് ടു തലത്തിൽ ട്യൂഷൻ സാർവ്വത്രികമാക്കും. സംസ്ഥാനത്തിനകത്തും പുറത്തും സ്ഥിരം വരുമാനം ലഭിക്കുന്ന തൊഴിൽ നേടുന്നതിന് പട്ടികജാതിക്കാരെ

പ്രാപ്തമാക്കുന്നതിനായി പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെയും പട്ടികജാതി വികസന വകുപ്പിന്റെയും സംയുക്ത സംരംഭമായിട്ടാണ് പുതിയ പദ്ധതി വിഭാവനം ചെയ്യുന്നത്. ദേശീയ നൈപുണ്യ വികസന ചട്ടക്കൂടിന്റെ വ്യവസ്ഥകൾക്കനുസൃതമായി പരിശീലനവും തൊഴിലും വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാനും ഉദ്ദേശിക്കുന്നു. പെൺകുട്ടികളുടെ സമഗ്ര ആരോഗ്യരക്ഷയ്ക്ക് 'വാൽസല്യനിധി' പദ്ധതി ഈ വർഷം ആരംഭിക്കും. കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന എഥനോളജിക്കൽ മ്യൂസിയം നവീകരിക്കും. പരമ്പരാഗത നാടൻകലകളുടെയും ഉത്പന്നങ്ങളുടെയും പ്രദർശന വിപണനമേളയായ ഗദ്ദിക സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തോടെ വിപുലമായ രീതിയിൽ സംഘടിപ്പിക്കും. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പത്ത് ജില്ലകളിൽക്കൂടി ആരംഭിക്കുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമപദ്ധതികൾ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, നിയമ പരിരക്ഷകൾ എന്നിവ സംബന്ധിച്ച് എല്ലാ പഞ്ചായത്ത്/നഗരസഭാ തലങ്ങളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ ആരംഭിക്കും. പത്താം ക്ലാസ്, പ്ലസ് ടു തലത്തിൽ കരിയർ എഡ്യൂക്കേഷൻ ഗൈഡൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഏകാദ്ധ്യാപക വിദ്യാലയത്തിലെ ടീച്ചർമാരുടെ ഫീസ് വർദ്ധിപ്പിക്കുകയും ജനനീ ജന്മരക്ഷാ പദ്ധതി

നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലേയ്ക്ക് കുടിയേറിപ്പാർത്ത പട്ടികവിഭാഗക്കാരുടെ പ്രശ്നം നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് സാദ്ധ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഒരു വർഷത്തെ ഭരണകാലയളവിൽ എല്ലാ മേഖലകളിലും തൊഴിൽ സൗഹൃദ അന്തരീക്ഷം നിലനിർത്തുന്നതിനും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തുന്നതിനും ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. നൈപുണ്യ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും പ്രത്യേക പരിഗണന നൽകുന്നതാണ്. ക്ഷേമനിധി പെൻഷനുകളും കർഷകത്തൊഴിലാളി ക്ഷേമ പെൻഷന്റെ വരുമാന പരിധി 11,000 രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഗവൺമെന്റ് കർഷകത്തൊഴിലാളികളുടെ എല്ലാ ആനുകൂല്യങ്ങളും സംരക്ഷിക്കത്തക്ക നിലയിലുള്ള നിലപാട് തുടർന്നും സ്വീകരിക്കുന്നതാണ്. ഇൻകം സപ്പോർട്ട് സ്കീമിൽപ്പെടുത്തി പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കായി 65 കോടി

രൂപ അനുവദിച്ചിട്ടുണ്ട്. പൂട്ടിക്കിടന്ന കയർ, തോട്ടം, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യാ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായ ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്. തൊഴിൽ വകുപ്പിനുകീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനും തൊഴിൽ നിയമങ്ങളുടെ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനും പ്രത്യേക നടപടി സ്വീകരിക്കുന്നതാണ്. വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് മെച്ചപ്പെടുത്തുന്നതിന് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതാണ്. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ, ആരോഗ്യ പരിപാലനം, വിവര ശേഖരണം, തിരിച്ചറിയൽ കാർഡ് വിതരണം എന്നിവ ലക്ഷ്യമിട്ട് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്) ആവിഷ്കരിക്കുകയും പാലക്കാട് കഞ്ചിക്കോട്ട് ഇതര സംസ്ഥാന തൊഴിലാളികൾക്കായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടക്കമിട്ട അപ്നാ ഘർ പദ്ധതി പൂർത്തീകരിച്ചുവരികയുമാണ്. സംസ്ഥാനത്ത് ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം കർശനമായി നടപ്പാക്കി വരുന്നു. കുറഞ്ഞ കൂലി നിയമപ്രകാരമുള്ള കുടിശ്ശിക ക്ലെയിമുകൾ തീർപ്പാക്കുന്നതിന് ഡെപ്യൂട്ടി ലേബർ കമ്മീഷണർക്ക് അധികാരം നൽകുകയും നിയമലംഘനങ്ങൾക്കുള്ള പിഴ 2 ലക്ഷം രൂപയായി ഉയർത്തുകയും ചെയ്തു. വ്യവസായ-തൊഴിൽത്തർക്ക നിയമത്തിന്റെ

പരിധിയിൽ സെയിൽസ് പ്രൊമോഷൻ ജീവനക്കാരെ ഉൾപ്പെടുത്തുകയും പീടികത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യ വിതരണം ഉദാരമാക്കുകയും ചെയ്തിട്ടുണ്ട്. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി കൂടുതൽ ചർച്ച നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാന്റേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റി, പ്ലാന്റേഷൻ ഹൗസിംഗ് അഡ്വൈസറി ബോർഡ്, പ്ലാന്റേഷൻ മെഡിക്കൽ അഡ്വൈസറി ബോർഡ് എന്നിവ പുനഃസംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭൂമിയും വീടുമില്ലാത്ത തോട്ടം തൊഴിലാളികൾക്ക് തോട്ടം മേഖലയിൽത്തന്നെ വീട് നിർമ്മിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഭവനം ഫൗണ്ടേഷൻ കേരള-യുടെ കീഴിൽ 'ജനനി' പദ്ധതി നടപ്പിലാക്കിവരുന്നു. ഗവൺമെന്റ്-പൊതുമേഖലാ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 7964 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ വർഷംതന്നെ എല്ലാ ജില്ലകളിലും എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതാണ്. തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. 2017 ജൂൺ 30-ന് മുമ്പ് പുതിയ മദ്യനയം പ്രഖ്യാപിക്കുന്നതാണ്. സുപ്രീം കോടതി വിധി അനുസരിച്ച് പ്രവർത്തിക്കുന്ന ഗവൺമെന്റ്, നിയമപരമായി മാത്രമേ ഷാപ്പുകൾ

അനുവദിക്കുകയുള്ളൂ. കള്ള് വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ടോഡി ബോർഡ് പ്രാവർത്തികമാക്കും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

(മന്ത്രിമാരുടെ പ്രസംഗത്തിൽ സമയക്ലിപ്തത പാലിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്കരിച്ചു.)

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ന്യൂനപക്ഷ വിഭാഗത്തിനായി പി.എസ്.സി./യു.പി.എസ്.സി. പരീക്ഷാ പരിശീലന കേന്ദ്രങ്ങളും 50 ശതമാനം മുസ്ലീം സംവരണത്തോടെ സിവിൽ സർവ്വീസ് അക്കാദമിയും ആരംഭിച്ചതും നിർദ്ധനരായ മുസ്ലീം പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി സ്കോളർഷിപ്പും മദ്രസാ അദ്ധ്യാപകർക്ക് ക്ഷേമനിധിയും ഏർപ്പെടുത്തിയതും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം നേടുന്ന കുട്ടികൾക്ക് ടാലന്റ് സ്കോളർഷിപ്പ് ഫോർ മൈനോറിറ്റി സ്റ്റുഡന്റ്സ് സ്കോളർഷിപ്പും ഏർപ്പെടുത്തി. ദരിദ്രരായ ആളുകളുടെ വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് ധനസഹായം നൽകുന്നതിനും വഖഫ് ബോർഡിന്റെയും കേന്ദ്ര സർക്കാരിന്റെയും സഹകരണത്തോടെ മലപ്പുറത്ത് പുറത്തൂരിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈനോറിറ്റി സ്റ്റഡീസ് ആരംഭിക്കുന്നതിനും

തീരുമാനിച്ചിട്ടുണ്ട്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന നിലപാടാണ് എന്നും സ്വീകരിച്ചിട്ടുള്ളത്. ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന സെന്ററിന് സെന്റർ ഫോർ മുസ്ലീം യൂത്ത്സ് എന്ന് പേര് നൽകുന്നത് ഉചിതമല്ലെന്നുള്ളതുകൊണ്ടാണ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്സ് എന്നാക്കിയത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## VII അറിയിപ്പ്

'ജീവാമൃതം ചിത്രപ്രദർശനം'

മി. സ്പീക്കർ: അവയവദാനത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ

കേരള സർക്കാർ നടപ്പിലാക്കി വരുന്ന മരണാനന്തര അവയവദാന പദ്ധതിയായ കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗിന്റെ സഹകരണത്തോടെ നിർമ്മിച്ചിട്ടുള്ള 'ജീവാമൃതം' എന്ന ചിത്രം അംഗങ്ങൾക്കായി 5-ഇ സമ്മേളന ഹാളിൽ പ്രദർശിപ്പിക്കുന്നതാണ്. എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഭ വൈകുന്നേരം 3.51-ന് പിരിഞ്ഞു.

*****